# കേരള സർവകലാശാല

നം.പി.ആർ.271/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രോജക്ട് സമർപ്പിക്കാം

വിദൂരവിദ്യാഭ്യാസം 2017 – 19 എം.എ/എം.എസ്.സി വിദ്യാർത്ഥികളിൽ പ്രോജക്ട് ഓപ്റ്റ് ചെയ്തിട്ടുള്ളവർ ജനുവരി 6 ന് മുൻപ് പ്രോജക്ടിന്റെ രണ്ട് പ്രതികൾ അതതു കോ – ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

### ടൈംടേബിൾ

2019 ഡിസംബർ 17 ന് നടത്താനിരുന്ന സർവകലാശാലയുടെ പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ (പേപ്പർ I – റിസർച്ച് മെത്തഡോളജി), 2019 ഡിസംബർ 30 ന് നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ഒക്ടോബറിൽ നടത്തിയ എം.ഫിൽ ഫിലോസഫി, 2019 നവംബറിൽ നടത്തിയ എം.ഫിൽ കൊമേഴ്സ്, ഇസ്ലാമിക് ഹിസ്റ്ററി, സംസ്കൃതം, ലേർണിംഗ് ഡിസെബിലിറ്റിസ്, കൺസൾട്ടിങ് സൈക്കോളജി, മാത്തമാറ്റിക്സ്, ആർക്കിയോളജി 2018 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### പരീക്ഷാകേന്ദ്രം

2020 ജനുവരി 13 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ഡിഗ്രി പരീക്ഷകൾക്ക് വിദൂര വിദ്യാഭ്യാസ വിഭാഗം (2017 അഡ്മിഷൻ) തിരുവനന്തപുരം എസ്.ഡി.ഇ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ തിരുവനന്തപുരം എം.ജി കോളേജിലും ബി.സി.എ വിദ്യാർത്ഥികൾ എസ്.ഡി.ഇ കാര്യവട്ടം സെന്ററിലും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും തിരിച്ചറിയൽ കാർഡുമായി പരീക്ഷയ്ക്ക് ഹാജരാകണം. മറ്റു സെന്ററുകൾക്കോ സമയക്രമത്തിനോ മാറ്റമില്ല.

വിദൂരവിദ്യാഭ്യാസ വിഭാഗം 2019 ഡിസംബർ 31 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ 2018 അഡ്മിഷൻ റെഗുലർ & 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾക്ക് സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികളും ഗവ.ആർട്സ് കോളേജ് സെന്ററായി രജിസ്റ്റർ ചെയ്ത

ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി 2017 അഡ്മിഷൻ വിദ്യാർത്ഥികളും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും ഐ.ഡി പ്രൂഫുമായി ഗവൺമെന്റ് കോളേജ് കാര്യവട്ടം സെന്ററിൽ പരീക്ഷയ്ക്ക് ഹാജരാകണം.

സെന്റ് ജോൺസ് കോളേജ്, അഞ്ചൽ പരീക്ഷാകേന്ദ്രമായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിലും ചേർത്തല എസ്.എൻ കോളേജ് പരീക്ഷാകേന്ദ്രമായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ കായംകുളം എം.എസ്.എം കോളേജിലും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും ഐ.ഡി പ്രൂഫുമായി പരീക്ഷയ്ക്ക് ഹാജരാകണം.

തിരുവനന്തപുരം ആർട്സ് കോളേജിൽ രജിസ്റ്റർ ചെയ്ത 2018 അഡ്മിഷൻ വിദ്യാർത്ഥികൾ അതേ സെന്ററിൽ പരീക്ഷയ്ക്ക് ഹാജരാകണം. മറ്റു പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## പി.ടി.എ മീറ്റിംഗ്

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം 2019 – 20 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.ടെക് വിദ്യാർത്ഥികളുടെ പി.ടി.എ മീറ്റിംഗ് 2020 ജനുവരി 9 ന് വ്യാഴാഴ്ച രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. എല്ലാ രക്ഷകർത്താക്കളും പങ്കെടുക്കേണ്ടതാണെന്ന് കോളേജ് പ്രിൻസിപ്പൾ അറിയിച്ചു.

തിരുവനന്തപുരം,

20.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098